# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4114 27/06/2012-ൽ മറുപടിക്ക്

## അവിവാഹിതരായ ആദിവാസി അമ്മമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>*(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)* | |
| എ | സംസ്ഥാനത്ത് എത്ര അവിവാഹിത ആദിവാസി അമ്മമാരാണുള്ളത്; | എ | 2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്കുകൾ പ്രകാരം 935 അവിവാഹിതരായ ആദിവാസി അമ്മമാർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി | ഇവരിൽ ഏത് വിഭാഗത്തിൽപെട്ടവരാണ് ഏറ്റവും കൂടുതലെന്ന് വ്യക്തമാക്കുമോ; | ബി | വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ അവിവാഹിതരായ ആദിവാസി അമ്മമാർ ഉള്ളത്. ഇക്കാര്യത്തിൽ വർഗ്ഗം തിരിച്ച് വിവരശേഖരണം നടത്തിയിട്ടില്ല. |
| സി | ഇവരുടെ പുനരധിവാസത്തിനായി നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സി | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി അമ്മമാരുടെയും കുട്ടികളുടെയും ഭൗതിക-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭവന നിർമ്മാണം, ജീവനോപാധി പരിപാടികളായി കന്നുകാലി വളർത്തൽ, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കടകൾ, തയ്യൽ പരിശീലനം എന്നീ പദ്ധതികൾക്കായി 6,89,08,500/- രൂപയുടെ പദ്ധതി 2011-12 വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് 15.06.2011 ലെ സ.ഉ. (കൈ) 32/11/പജപവവിവ പ്രകാരം പ്രതിമാസ പെൻഷൻ 300/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി പെൻഷൻ പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| ഡി | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | ഡി | 31.03.2012 വരെ പുനരധിവാസ പദ്ധതികൾക്കായി മാത്രം പട്ടികവർഗ്ഗ വികസന വകുപ്പ് 3,06,70,709/- രൂപ സംസ്ഥാനത്താകെയായി ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ